(vi) പരവതാനികളും വസ്ത്രങ്ങളും

പരവതാനി നെയ്ത്ത് നാടോടികളുടെ കലയായാണ് അറിയപ്പെടുന്നത്. ബദവികളും ബർബരികളും മംഗോളികളും തുർകികളും പരവതാനി നിർമാണത്തിൽ മുന്നിട്ടുനിന്നു. ഇസ്‌ലാമിക സമൂഹത്തിലെ രണ്ടു പ്രധാന നാടോടി വിഭാഗങ്ങൾ തുർകികളും മംഗോളികളുമായിരുന്നു. വൃത്താകൃതിയിലുള്ള തമ്പുകളിലായിരുന്നു ഇവർ പാർത്തിരുന്നത്. തങ്ങളുടെ തമ്പുകളെ അലങ്കരിക്കുന്നതിനാണ് ആദ്യമായി ഇവർ കെട്ടുള്ള പരവതാനികൾ നെയ്തത്. പരവതാനികളുടെ കൂട്ടത്തിൽ നിസ്തുല പദവി കൈവരികയും ചെയ്തു അവയ്ക്ക്. സഹാറയിലെ ബദവികളും ഇത്തരം കലാമേൻമയുറ്റ പരവതാനികൾ ഉണ്ടാക്കിയിരുന്നു. അധികകാലം നിലനില്ക്കാൻ ശേഷിയുള്ളവയായിരുന്നില്ല നാടോടികൾ നിർമിച്ച പരവതാനികൾ എന്നതിനാൽ അവയൊന്നും ഇന്നു ശേഷിക്കുന്നില്ല. പേർഷ്യൻ ചിത്രകലകളിൽനിന്നാണ് അവയുടെ ചിത്രങ്ങൾ നമുക്ക് ലഭിക്കുന്നത്. ഇസ്‌ലാമിക നാഗരികതക്ക് നാടോടികൾ നല്കിയ ഏറ്റവും വലിയ കലാ സംഭാവനകളായിരുന്നു പരവതാനികൾ. നാഗരികർ തങ്ങളുടെ ഭവനങ്ങൾ അലങ്കരിക്കുന്നതിന് ഇവരുടെ പരവതാനികൾ ഉപയോഗിച്ചു. പള്ളികളിലും കൊട്ടാരങ്ങളിലും സർക്കാർ കാര്യാലയങ്ങളിലും പരവതാനിക്ക് ഇടം ലഭിച്ചു.

നാടോടികളുടെ പരവതാനി നഗരങ്ങളിൽ ഇടം കണ്ടെത്തിയതോടെ ശൈലിയിലും ഡിസൈനിലും വമ്പിച്ച മാറ്റങ്ങൾക്ക് അവ വിധേയമായി. വൈവിധ്യമാർന്ന ഇനങ്ങൾ പ്രത്യക്ഷപ്പെട്ടു. മധ്യേഷ്യയിലെ തുർകുമാനി പരവതാനികൾ മുതൽ ഇറാനിലെ രാജകീയ പരവതാനികൾ വരെ അതിലുൾപ്പെടുന്നു. മുഗൾ ഇന്ത്യയും പരവതാനി നെയ്ത്തിന് പേരെടുക്കുകയുണ്ടായി. നമസ്കാരത്തിനുപയോഗിക്കുന്ന ചെറിയതരം വിരിപ്പുകളും പരവതാനികളുടെ മാതൃകയിൽ കലാപരമായി നിർമിക്കപ്പെട്ടു. ഖുർആനിലെ സ്വർഗ വർണനകൾ പരവതാനിയിൽ നെയ്തെടുക്കാൻ ചില കലാകാരൻമാർ ശ്രമിച്ചിരുന്നു. വിശിഷ്യാ, ഇറാനി പരവതാനികളിലാണ് ഇതു കാണുക. ഈ പരവതാനികളിലെല്ലാം ഇസ്‌ലാമിന്റെ പ്രപഞ്ചവീക്ഷണവും ആധ്യാത്മികതയും പ്രതീകാത്മകമായി പ്രതിഫലിക്കുന്നതായി കലാ നിരൂപകർ കരുതുന്നു. അസ്തിത്വത്തിന്റെ നൈരന്തര്യത്തെ വ്യഞ്ജിപ്പിക്കുന്നവയാണ് പരവതാനിയിലെ ഡിസൈനുകൾ. വൈവിധ്യങ്ങളുടെ കലാപരമായ ഏകീഭാവം ഉൺമയുടെ ആത്യന്തിക സത്യത്തെയാണ് സൂചിപ്പിക്കുന്നത്.

ആഡംബരപൂർണമായ വസ്ത്രങ്ങൾക്ക് മുസ്‌ലിംലോകത്ത് ഇന്നത്തേതിനെക്കാൾ പ്രാധാന്യമുണ്ടായിരുന്നു മധ്യകാലഘട്ടത്തിൽ. 16-ാം നൂറ്റാണ്ടിലെ ദമസ്കസിലെ വിപണി പരിശോധകരെ സംബന്ധിച്ചു ഇബ്നുൽമുബർറദ് എഴുതിയ *കിതാബുൽ ഹിസ്ബഃ* എന്ന ഗ്രന്ഥത്തിൽ നഗരത്തിലെ 100 വ്യത്യസ്തതരം വസ്ത്ര നെയ്ത്തുകാരെക്കുറിച്ചു പറയുന്നുണ്ട്. വസ്ത്രാലങ്കാരങ്ങൾ പദവിയെ സൂചിപ്പിക്കുന്നതിനും സ്വത്തായി സമാഹരിക്കുന്നതിനും പണത്തിനു പകരം കൈമാറ്റം ചെയ്യുന്നതിനുമെല്ലാം ഉപയോഗിച്ചിരുന്നു. നിലത്തു വിരിക്കാനും കർട്ടനുകളായി ഉപയോഗിക്കാനും അലങ്കാരപ്പണികളുള്ള വസ്ത്രങ്ങൾ ആളുകൾ തങ്ങളുടെ ധനസ്ഥിതിക്കനുസരിച്ച് ഉപയോഗിച്ചുവന്നു. മധ്യപൗരസ്ത്യ ദേശത്തും മധ്യേഷ്യയിലും ഇരിക്കാൻ കസേരകൾക്കു പകരം വിരിപ്പുകളും പായകളുമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഈ വസ്ത്രങ്ങളുടെയും പരവതാനികളുടെയും സൽജൂഖീ ഭരണത്തിനു മുമ്പുള്ള മാതൃകകളൊന്നും ലഭ്യമല്ല. ചൈനയിലെയും ഇറ്റലിയിലെയും വസ്ത്ര-പരവതാനി വ്യാപാരികൾ മുസ്‌ലിംനാടുകളിലേക്ക് കയറ്റിയയക്കുന്നതിനായി ഇസ്‌ലാമിക ഡിസൈനിലുള്ള വസ്ത്രങ്ങളും പരവതാനികളും വൻതോതിൽ ഉൽപാദിപ്പിച്ചിരുന്നു. മുസ്‌ലിംനാടുകളിൽ നെയ്ത വസ്ത്രങ്ങളും പരവതാനികളും തിരിച്ചറിയാതാവാൻ ഇതു കാരണമായി.

ഇസ്‌ലാമിൽ പൗരോഹിത്യമില്ലാത്തതുകൊണ്ട് ഇതര മതങ്ങളിലേതുപോലെ മതപരമായ സ്ഥാനങ്ങൾ സൂചിപ്പിക്കുന്ന വസ്ത്രങ്ങളില്ല. വസ്ത്രധാരണത്തിന് മതപരമായ ചില വിധിവിലക്കുകളുണ്ട്. ശരീര ചലനത്തെ തടസ്സപ്പെടുത്തുന്ന ഇറുകിയ വസ്ത്രങ്ങളെ ഇമാം മാലികിനെപ്പോലുള്ള പണ്ഡിതൻമാർ എതിർത്തിരുന്നു.

16-ാം നൂറ്റാണ്ടിലെ ഏറ്റവും പ്രശസ്തങ്ങളായ രണ്ട് അർദബീൽ പരവതാനികൾ യഥാക്രമം ലണ്ടനിലും ലോസ്ഏഞ്ചൽസിലും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. സ്വഫവീ വംശ സ്ഥാപകനായ ശൈഖ് സ്വഫിയ്യുദ്ദീന്റെ ഖബ്റിടത്തിൽ വിരിച്ചവയാണ് ഇവ രണ്ടും. 25 ദശലക്ഷം നെയ്ത്തു കെട്ടുകളുള്ളതാണ് ലണ്ടനിലുള്ള പരവതാനി. ലോസ് ഏഞ്ചൽസിലേതിൽ 34 മില്യൻ നെയ്ത്തു കെട്ടുകളുണ്ട്. രണ്ട് പരവതാനികളിലും പ്രസിദ്ധ പേർഷ്യൻ കവി ഹാഫിളിന്റെ ഒരീരടി തുന്നിച്ചേർത്തിട്ടുണ്ട്.

''നിന്റെ ഉമ്മറപ്പടിയല്ലാതെ എനിക്കഭയമില്ല;

ഈ കവാടമല്ലാതെ എന്റെ ശിരസ്സു ചായ്ക്കാൻ വേറെ ഇടമില്ല'' എന്നതാണാ വരികൾ.

ഈ വരികൾക്കു താഴെ പരവതാനി രൂപകല്പന ചെയ്ത കലാകാരന്റെ കൈയൊപ്പുമുണ്ട്- മഖ്സൂസ് കാശാൻ. 1539-40-ലാണ് ഈ പരവതാനികൾ നെയ്തത്. ഇസ്‌ലാമിക കലയുടെ തിളക്കമാർന്ന ഉദാഹരണങ്ങളാണ് ഇത്തരം പരവതാനികളും വെൽവെറ്റുകളും.